# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1484.

21..3..2012-ൽ മറുപടിക്ക്

## ക്ഷീരമേഖലയിൽ സ്വയംതൊഴിൽ കണ്ടെത്താൻ കർമ്മ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ,<br>ശ്രീ. ബെന്നി ബെഹനാൻ,<br>ശ്രീ. വി.ഡി. സതീശൻ,<br>ശ്രീ. റ്റി.എൻ. പ്രതാപൻ. | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരമേഖലയിൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; | (എ) ക്ഷീരമേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തുന്ന പുതിയ സംരംഭകർക്ക് വ്യവസായ അടിസ്ഥാനത്തിലുള്ള ഡെയറി ഫാം, പാൽ ഉല്പന്ന നിർമ്മാണം എന്നിവയിൽ തീവ്രപരിശീലനം നടത്തുന്നുണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 1000 യുവജനങ്ങൾക്ക് ക്ഷീരവികസന വകുപ്പിന്റെ 5 ട്രെയിനിംഗ് സെന്ററുകളിൽ വച്ച് പരിശീലനം നടത്തി വരുന്നു. |
| (ബി) ഇതിന് തയ്യാറാകുന്ന സംരംഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്; | (ബി) പരിശീലനം പൂർത്തിയാക്കുന്ന കർഷകർക്ക് അവരവരുടെ താല്പര്യമനുസരിച്ച് പ്രോജക്റ്റുകൾ തയ്യാറാക്കി ബാങ്കുകളെ സമീപിക്കുന്നതിനാവശ്യമായ സഹായം നല്കുന്നു. കൂടാതെ, വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന തീറ്റപ്പുൽ കൃഷി, എം.എസ്.ഡി.പി. പ്രകാരം പശുവളർത്തൽ യൂണിറ്റ്, കിടാരി വളർത്തൽ യൂണിറ്റ് തുടങ്ങിയ വിവിധ പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ പരിശീലനം നേടിയവർക്ക് മുൻഗണന നല്കാൻ ഉദ്ദേശിക്കുന്നുണ്ട്. |

(സി) സംരംഭകർക്ക് തീവ്രപരിശീലനം നല്കുന്ന കാര്യം പരിഗണിക്കുമോ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(സി) തീവ്ര പരിശീലനം നല്കി വരുന്നുണ്ട്. ഇതിനായി മികച്ച സാങ്കേതിക വിദഗ്ധരെ കൊണ്ട് പരിശീലനത്തിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിലവി ലുള്ളതും വിജയകരമായി പ്രവർത്തി ക്കുന്നതുമായ യൂണിറ്റുകൾ, പരിശീല കർക്ക് സന്ദർശിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.